ഡോ. എച്ച്.നാഗേഷ് പ്രഭു IFS
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്
ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ്
ഫോഴ്സ്

വനം വകുപ്പാസ്ഥാനം, വനലക്ഷ്മി,
വഴുതക്കാട്, തിരുവനന്തപുരം.
ഫോൺ 0471 2339395,
ഫാക്സ് 0471 2338808

No. E&TW2-44054/16 തിയതി:- 13-11-2017

എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

സർ,

വിഷയം : സൃഷ്ടി സ്കോളർഷിപ്പ് വിപുലീകരിക്കുന്നത് - സംബന്ധിച്ച്.
സൂചന : സർക്കാർ ഉത്തരവ് നമ്പർ GO(RT) 313/17/വനം, തിയതി 17-08-2017.

ശ്രീമതി. പ്രകൃതി ശ്രീവാസ്തവ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് 2015ൽ ലഭിച്ച "Green Warrior" അവാർഡ് തുകയായ 2 ലക്ഷം രൂപ ആദിവാസി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി 'സൃഷ്ടി സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുള്ളതും ആയത് SFDAയുടെ 8-ാംമത്തെ ജനറൽ ബോഡി അംഗീകരിച്ചിട്ടുള്ളതുമാണ്. അവാർഡ് തുക SFDAയുടെ പേരിൽ വെള്ളയമ്പലം കോർപ്പറേഷൻ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സ്കോളർഷിപ്പ് സർക്കാർ അംഗീകരിക്കുകയും ടി സ്കോളർഷിപ്പിന് നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സ് വിദ്യാർത്ഥിയായ ഒരു പട്ടികവർഗ്ഗ പെൺകുട്ടിയെ തെരഞ്ഞെടുക്കുകയും ആദ്യ വർഷ തുകയായ 15,000/- രൂപ നൽകിയിട്ടുള്ളതുമാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുൻധാരയിൽ എത്തിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ചുകൊണ്ടുള്ള സൃഷ്ടി സ്കോളർഷിപ്പ് ഫണ്ട് സ്കീം വിപുലീകരിച്ച് ടി സ്കോളർഷിപ്പ് കൂടുതൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടി സ്കോളർഷിപ്പിനുള്ള ഫിക്സഡ് ഡിപ്പോസിറ്റ് തുക വർദ്ധിപ്പിക്കുന്നതിന് വ്യക്തികളിൽനിന്നോ, സ്ഥാപനങ്ങളിൽനിന്നോ, സംഭാവനകൾ സ്വീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വനം വകുപ്പിലെ ജീവനക്കാർ, വനസംരക്ഷണ സമിതികൾ, വനവികസന ഏജൻസികൾ മുതലായവർക്ക് ഇതിലേക്ക് സംഭാവനകൾ നൽകാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ സമൂഹ്യ ഉന്നമനത്തിനുതകുന്ന ഈ പദ്ധതിയിലേക്ക് നല്ലവരായ എല്ലാ ജീവനക്കാരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. സംഭാവനകൾ നൽകാൻ ഉദ്ദേശിക്കുന്നവർ വെള്ളയമ്പലം കോർപ്പറേഷൻ ബാങ്കിലെ SFDAയുടെ വക അക്കൗണ്ട് നമ്പരിൽ മാറാൻ വിധത്തിൽ ചെക്ക്/ ഡിഡി/ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന നൽകേണ്ടതാണ്.

(അക്കൗണ്ട് നമ്പർ :- 510101006282501 ഐഎഫ്എസ് സി കോഡ്:- CORP0000547)

വിശ്വസ്തതയോടെ,

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

Y:\ED&TW\E&TW-2\44054-16 all pccf.apccf.ccf.cf.docx